പ്രവാസി സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി

152 (2094) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചുനടപ്പിലാക്കിയ പ്രവാസി സുരക്ഷാ ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിയിൽ നാളിതുവരെ എത്രപേർ അംഗങ്ങളായി ചേർന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രവാസി സുരക്ഷാപദ്ധതി ബഹുഭൂരിപക്ഷം പ്രവാസികൾക്കും സ്വീകാര്യമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത പദ്ധതി കൂടുതൽ ജനകീയവും ആകർഷകവും ആക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1997 മേയ് മാസം 5-ാം തീയതി ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി ലിമിറ്റഡുമായി ഉണ്ടാക്കിയ ഉടമ്പടിപ്രകാരം നിലവിൽ വന്ന ഒരു സുരക്ഷാപദ്ധതിയാണ് 'പ്രവാസി സുരക്ഷാ സാമൂഹ്യക്ഷേമ പദ്ധതി'. ഒരു തവണ മാത്രം പ്രീമിയം അടച്ചാൽ 5 വർഷത്തേയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന ഒരു പദ്ധതിയാണിത്. അപകടമരണ പരിരക്ഷയ്ക്കുള്ള, പ്രവാസി മലയാളികൾക്കു മാത്രമുള്ള, ചില പ്രത്യേക ആനുകൂല്യങ്ങൾ അടക്കം 8 ലക്ഷം രൂപവരെ ഇൻഷ്വറൻസ് ആനുകൂല്യം ഈ പദ്ധതിയിലൂടെ ലഭിക്കുന്നതാണ്. ലോകത്ത് എവിടെവച്ചും അപകടം മൂലമുണ്ടാകുന്ന മരണത്തിനും, സ്ഥിരവും പൂർണ്ണവുമായ ശാരീരിക വൈകല്യത്തിനും കണ്ണ്, കയ്യ്, കാല് എന്നിവയുടെ പൂർണ്ണവൈകല്യത്തിനും ഈ പദ്ധതിയിലൂടെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

(ബി) ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി നൽകിയ കണക്കനുസരിച്ച് ഇതിനകം ഈ പദ്ധതിയിൽ 2.5 ലക്ഷം ആളുകൾ അംഗങ്ങളായിട്ടുണ്ട്.

(സി & ഡി) പ്രവാസി സുരക്ഷാ സാമൂഹ്യക്ഷേമ പദ്ധതിയെ സംബന്ധിച്ച് ചില പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികൾ പരിശോധിക്കുകയും കൂടുതൽ ആകർഷകമായ ഒരു സാമൂഹ്യസുരക്ഷാ പദ്ധതി പ്രവാസിമലയാളികൾക്കുവേണ്ടി 'പ്രവാസി സ്വാശ്രയ' എന്ന പേരിൽ ആവിഷ്ക്കരിച്ചു നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

വിദേശത്ത് മരിക്കുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരത്തുക വിതരണം

153 (2095) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശരാജ്യങ്ങളിൽ വച്ച് മരണമടഞ്ഞവരുടെ ആശ്രിതർക്ക് ലഭിക്കേണ്ട നഷ്ടപരിഹാരത്തുകകൾ യഥാസമയം ലഭ്യമാകാത്തതു സംബന്ധിച്ച പ്രശ്നങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) വിവിധ ജില്ലാ കളക്ടറേറ്റുകളിൽ ഇത്തരത്തിൽ എത്ര അപേക്ഷകൾ കെട്ടിക്കിടപ്പുണ്ടെന്നും ആകെ എത്ര തുക വിതരണം ചെയ്യാനുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത തുക വിതരണം ചെയ്യുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ തുക എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിദേശരാജ്യങ്ങളിൽ വച്ച് മരണമടയുന്നവരുടെ ആശ്രിതർക്ക് ലഭിക്കേണ്ട നഷ്ടപരിഹാരത്തുകകൾ ലഭിക്കുന്നതിനുള്ള കാലതാമസം പലപ്പോഴായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നഷ്ടപരിഹാരത്തുക ലഭ്യമാകുന്നതിന് ആവശ്യം വേണ്ടുന്ന രേഖകൾ സമർപ്പിക്കുന്നതിനുണ്ടാകുന്ന കാലതാമസം, മരണമടഞ്ഞവരുടെ തൊഴിൽദായകർ കാട്ടുന്ന അനാസ്ഥ എന്നിവയാണ് പ്രധാനമായും കാലതാമസത്തിനുള്ള കാരണം. ഇത്തരം സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുമ്പോൾ അക്കാര്യം പരിഹരിക്കുന്നതിനുവേണ്ടി വിദേശരാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്രകാര്യാലയങ്ങളുമായി ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലായി 215 കേസ്സുകളിലായി 2,40,12,010.00 രൂപ വിതരണം ചെയ്യുന്നതിനുണ്ട്. മറ്റു ജില്ലകളിലെ വിവരം ലഭ്യമായിട്ടില്ല.

(ഡി) 5-4-1986-ലെ G.O.(M.s.) 68/86/Home ഉത്തരവ് പ്രകാരം അവകാശ സർട്ടിഫിക്കറ്റ്, 12 വർഷം സർവ്വീസ് ബാക്കിയുള്ള ഒരു സംസ്ഥാന സർക്കാർ ജീവനക്കാരന്റെ ശമ്പള സർട്ടിഫിക്കറ്റ്, ഇൻഡെംനിറ്റി ബോണ്ട്, പണം കൈപ്പറ്റുന്ന അവകാശിയെ തിരിച്ചറിയുന്നതിന് വില്ലേജ് ആഫീസർ നൽകുന്ന തിരിച്ചറിയൽ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ മരണാനന്തര ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഹാജരാക്കേണ്ടതുണ്ട്. അവകാശികൾ മേൽപ്പടി രേഖകൾ ഹാജരാക്കാൻ ഉണ്ടാകുന്ന കാലതാമസംകൊണ്ടാണ് തുക വിതരണം ചെയ്യുന്നതിന് തടസ്സങ്ങൾ ഉണ്ടാകുന്നത്.

(ഇ) ആവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് പ്രസ്തുത തുക വിതരണം ചെയ്തു വരുന്നതായി ജില്ലാകളക്ടർമാർ അറിയിച്ചിട്ടുണ്ട്.

നക്ഷത്രചിഹ്നമിടാത്ത 2030, 2068, 2081 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly